# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15-05-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറു ദിവസത്തെ വിദേശ പര്യടനം ഇന്ന് ആരംഭിക്കും; യു എ ഇ പ്രസിഡൻറുമായി കൂടിക്കാഴ്ച നടത്തും.

   **Prime Minister Narendra Modi's six-day foreign visit will begin today; He will hold talks with the President of the United Arab Emirates.**

2) സ്വർണാഭരണ കയറ്റുമതിക്കാർക്ക്, ഇറക്കുമതി ചെയ്യാവുന്ന അസംസ്കൃത സ്വർണത്തിൻറെ അളവ് നൂറ് കിലോയായി പരിധി നിശ്ചയിച്ച് കേന്ദ്ര സർക്കാർ.

   **The government has imposed a limit of 100 kg on gold imports under the Advance Authorisation Scheme, which allows jewellery exporters to import raw or input materials at zero duty.**

3) അക്വാകൾച്ചർ ഉൽപ്പന്നങ്ങൾ വിപണിയിലേക്ക് തുടർച്ചയായി കയറ്റുമതി ചെയ്യുന്നതിനുള്ള പുതുക്കിയ കരട് പട്ടികയിൽ ഇന്ത്യയെ ഉൾപ്പെടുത്തി യൂറോപ്യൻ യൂണിയൻ.

   **European Union has included India in the revised draft list for continued export of aquaculture products to the EU market.**

4) കേരളത്തിന്റെ 13-ാമത് മുഖ്യമന്ത്രിയായി വി ഡി സതീശൻ തിങ്കളാഴ്ച സത്യപ്രതിജ്ഞ ചെയ്യും.

   **V. D. Satheesan will be sworn in as the 13th Chief Minister of Keralam on Monday.**

5) ഉത്തർപ്രദേശിൽ കനത്ത മഴയിലും കാറ്റിലും ഇടിമിന്നലിലും 111 പേർ മരിച്ചു; 200 ഓളം പേർക്ക് പരിക്ക്; രക്ഷാപ്രവർത്തനം സജീവം.

**In Uttar Pradesh, 111 people have died and 200 injured due to rain, storms, lightning; Rescue operations are in progress.**

6) കേരളത്തിൽ വ്യാപക മഴ തുടരുന്നു. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**Widespread rain continues in Keralam. Yellow alert has been issued in six districts today. Fishing has been banned along the coasts of Keralam and Lakshadweep.**

*****************

## PM - UAE VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറു ദിവസത്തെ വിദേശ പര്യടനം ഇന്ന് ആരംഭിക്കും. യുഎഇ, നെതർലാൻഡ്സ്, സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളിലെ സന്ദർശനത്തിന്റെ ആദ്യ ഘട്ടത്തിൽ, ശ്രീ മോദി ഇന്ന് യുഎഇയിലെത്തും. യു എ ഇ പ്രസിഡൻറ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തും. രണ്ടാം പാദത്തിൽ നെതർലാൻഡ്സിൽ എത്തുന്ന പ്രധാനമന്ത്രി, വില്യം അലക്സാണ്ടർ രാജാവിനെയും പ്രധാനമന്ത്രി റോബ് യെട്ടനെയും സന്ദർശിക്കും. തുടർന്ന് സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളും ശ്രീ നരേന്ദ്ര മോദി സന്ദർശിക്കും.

*****************

## INTER-MINISTERIAL BRIEFING (INTRO)

രാജ്യത്ത് ക്രൂഡ് ഓയിൽ, എൽപിജി, പ്രകൃതി വാതകം എന്നിവയുടെ മതിയായ ലഭ്യത ഉറപ്പുവരുത്താൻ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചതായി പെട്രോളിയം മന്ത്രാലയം. ഗാർഹിക പാചക വാതക വിതരണം സാധാരണ നിലയിലാണെന്നും, എവിടെയും ക്ഷാമം റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും പെട്രോളിയം മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ്)

*****************

## GOLD IMPORT

രാജ്യത്തെ സ്വർണാഭരണ കയറ്റുമതിക്കാർക്ക് നികുതിയില്ലാതെ സ്വർണം ഇറക്കുമതി ചെയ്യാൻ അനുമതി നൽകുന്ന 'അഡ്വാൻസ് ഓതറൈസേഷൻ സ്കീം' പ്രകാരം ഇനി മുതൽ പരമാവധി 100 കിലോഗ്രാം സ്വർണം മാത്രമേ കൊണ്ടുവരാനാകൂ എന്ന് കേന്ദ്ര സർക്കാർ. ഇതുസംബന്ധിച്ച വിജ്ഞാപനം ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ് പുറത്തിറക്കി. മുൻപ് ഈ പദ്ധതിക്ക് കീഴിൽ ഇത്തരത്തിൽ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നില്ല. പദ്ധതിക്ക് കീഴിൽ ആദ്യമായി അപേക്ഷിക്കുന്ന എല്ലാ ജ്വല്ലറി നിർമ്മാണ യൂണിറ്റുകളുടെയും പ്രവർത്തന നിലയും ശേഷിയും പരിശോധിക്കുന്നതിനായി DGFT നേരിട്ടുള്ള പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. മുൻപ് അനുമതി ലഭിച്ചവർ നിശ്ചിത കയറ്റുമതി ബാധ്യതയുടെ കുറഞ്ഞത് 50 ശതമാനമെങ്കിലും പൂർത്തിയാക്കിയാൽ മാത്രമേ അടുത്ത തവണ സ്വർണം ഇറക്കുമതി ചെയ്യാൻ അനുവാദം നൽകുവെന്നും വിജ്ഞാപനത്തിൽ പറയുന്നു.

*****************

## EU – AQUA CULTURE

അക്വാകൾച്ചർ ഉൽപ്പന്നങ്ങൾ വിപണിയിലേക്ക് തുടർച്ചയായി കയറ്റുമതി ചെയ്യുന്നതിനുള്ള പുതുക്കിയ കരട് പട്ടികയിൽ ഇന്ത്യയെ യൂറോപ്യൻ യൂണിയൻ ഉൾപ്പെടുത്തിയതായി കേന്ദ്ര വാണിജ്യ - വ്യവസായ മന്ത്രാലയം. യൂറോപ്യൻ കമ്മീഷൻ ഡെലിഗേറ്റഡ് റെഗുലേഷന് അനുസൃതമായി ഇന്ത്യ നടപ്പിലാക്കിയ കർശനമായ സുരക്ഷാ മാനദണ്ഡങ്ങളെ തുടർന്നാണ് തീരുമാനം. 2026 സെപ്റ്റംബർ മുതൽ മൃഗജന്യ ഉൽപ്പന്നങ്ങൾ യൂറോപ്യൻ യൂണിയനിലേക്ക് കയറ്റുമതി ചെയ്യാൻ അനുമതിയുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ ഉൾപ്പെട്ടിരുന്നില്ലെന്ന് മന്ത്രാലയം അറിയിച്ചു. ഇന്ത്യയെ ഈ പട്ടികയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചത് രാജ്യത്തെ

സമുദ്രോത്പന്ന കയറ്റുമതി മേഖലയ്ക്ക് വലിയൊരു നേട്ടമാണെന്നും കേന്ദ്ര സർക്കാർ വ്യക്തമാക്കി.

****************

## PM BRICS MEETING

ബഹുരാഷ്ട്രവാദം ശക്തിപ്പെടുത്തുന്നതിനും, സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനും ഇന്ത്യയുടെ അധ്യക്ഷതയിൽ ബ്രിക്സ് രാജ്യങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ ബ്രിക്സ് രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. സമാധാനവും സുരക്ഷയും ആഗോള വ്യവസ്ഥയുടെ പ്രധാനഘടകമായി തുടരുന്നതായി ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗം ഉദ്ഘാടനം ചെയ്യവെ വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ വ്യക്തമാക്കി.

****************

## RAJNATH SINGH (INTRO)

ഉയർന്നുവരുന്ന സുരക്ഷാ വെല്ലുവിളികൾ നേരിടുന്നതിന് സ്വയംപര്യാപ്തതയും ഐക്യവും അനിവാര്യമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. രാജ്യത്തിൻറെ പ്രതിരോധ നയതന്ത്ര സംഭാഷണമായ കലാം & കവചിന്റെ മൂന്നാം പതിപ്പ് ന്യൂഡൽഹിയിൽ ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രതിരോധ മേഖലയിൽ മറ്റ് രാജ്യങ്ങളെ അമിതമായി ആശ്രയിക്കുന്ന രാഷ്ട്രം, പ്രതിസന്ധി ഘട്ടങ്ങളിൽ ദുർബലമായി തുടരുമെന്നും രാജ്യരക്ഷാമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

****************

## PRADHAN NEET EXAM

ചോദ്യപേപ്പർ ചോർച്ചയ്ക്ക് പിന്നാലെ റദ്ദാക്കിയ നീറ്റ് പരീക്ഷയ്ക്ക് പകരം നടത്തുന്ന പരീക്ഷയുടെ മുന്നൊരുക്കങ്ങൾ കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാൻ വിലയിരുത്തി. സുഗമവും സുതാര്യവുമായ രീതിയിൽ പരീക്ഷ നടത്തുന്നതിനുള്ള വിവിധ

മാർഗങ്ങൾ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതല യോഗം ചർച്ച ചെയ്തു. ഉന്നത വിദ്യാഭ്യാസ സെക്രട്ടറി, നാഷണൽ ടെസ്റ്റിങ് എജൻസി ഡയറക്ടർ ജനറൽ, CBSE ചെയർപേഴ്സൺ തുടങ്ങി മുതിർന്ന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

*****************

## CBI ARREST

നീറ്റ് യുജി ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് രണ്ടുപേരെ കൂടി CBI അറസ്റ്റ് ചെയ്തു. പൂനെ സ്വദേശികളാണ് ഇവർ. കഴിഞ്ഞ 24 മണിക്കൂറിൽ 14 ഇടങ്ങളിൽ റെയ്ഡ് നടന്നു. കഴിഞ്ഞ ദിവസങ്ങളിൽ അറസ്റ്റിലായ അഞ്ച് പേരെ ഡൽഹി കോടതിയിൽ ഹാജരാക്കി. കൂടുതൽ ചോദ്യം ചെയ്യലിനായി ഇവരെ ഏഴ് ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ടു.

*****************

## CM--KERALA

നിയുക്ത മുഖ്യമന്ത്രി വി ഡി സതീശന്റെ നേതൃത്വത്തിലുള്ള യുഡിഎഫ് മന്ത്രിസഭ തിങ്കളാഴ്ച സത്യപ്രതിജ്ഞ ചെയ്യും. ഇന്നലെ വൈകിട്ടു തിരുവനന്തപുരത്തു ചേർന്ന കോൺഗ്രസ് നിയമസഭാ കക്ഷി യോഗം നേതാവായി തെരഞ്ഞെടുത്തതിനെ തുടർന്ന് വി ഡി സതീശൻ മറ്റ് മുതിർന്ന നേതാക്കൾക്കൊപ്പം ഗവർണറെ സന്ദർശിച്ച് മന്ത്രിസഭ രൂപവൽക്കരിക്കാനുള്ള അവകാശവാദം ഉന്നയിച്ചിരുന്നു. മുഖ്യമന്ത്രിയോടൊപ്പം മുഴുവൻ മന്ത്രിമാരും തിങ്കളാഴ്ച തന്നെ സത്യപ്രതിജ്ഞ ചെയ്യുമെന്നാണ് യുഡിഎഫ് വൃത്തങ്ങൾ തിരുവനന്തപുരത്ത് വ്യക്തമാക്കി യിട്ടുള്ളത്. അതിനിടെ, വിവിധ ഘടക കക്ഷികളുടെ മന്ത്രി സ്ഥാനം, വകുപ്പുകൾ തുടങ്ങിയവ സംബന്ധിച്ചും വിപുലമായ ചർച്ചകളും സജീവമായി മുന്നേറുകയാണ്.

*****************

## Leader -Opposition

സി പി ഐ എം മുതിർന്ന നേതാവും സ്ഥാനമൊഴിയുന്ന മുഖ്യമന്ത്രിയുമായ പിണറായി വിജയനെ പ്രതിപക്ഷ നേതാവായി തിരഞ്ഞെടുത്തു. സി പി ഐ എം സംസ്ഥാന സമിതി

യോഗത്തിലാണ് തീരുമാനം. പാർട്ടി ജനറൽ സെക്രട്ടറി എം എ ബേബി ഉൾപ്പെടെയുള്ളവർ യോഗത്തിൽ പങ്കെടുത്തു.

*****************

## IMD -KERALA

ശനിയാഴ്ചയോടെ തെക്കൻ ബംഗാൾ ഉൾക്കടൽ, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിൽ കാലവർഷം എത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ സംസ്ഥാനത്ത് വിവിധയിടങ്ങളിൽ തിങ്കളാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

*****************

## UP WEATHER DEATH

ഉത്തർപ്രദേശിൽ കഴിഞ്ഞ 36 മണിക്കൂറിനിടെയുണ്ടായ കനത്ത മഴയിലും കാറ്റിലും ഇടിമിന്നലിലും 111 പേർ മരിച്ചു. ഇരുനൂറോളം പേർക്ക് പരിക്കേറ്റിട്ടുണ്ട്. പ്രതികൂല കാലാവസ്ഥയെത്തുടർന്ന് മരങ്ങളുടെ ചുവട്ടിൽ അഭയം പ്രാപിച്ചവരാണ് അപകടത്തിൽപ്പെട്ടവരിലേറെയും. ശക്തമായ കാറ്റിൽ മരങ്ങൾ കടപുഴകി വീണും റെയിൽവേയുടെ ഓവർഹെഡ് ലൈനുകൾ തകർന്നതുകാരണവും ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു. മഴയോടൊപ്പമുണ്ടായ ആലിപ്പഴവർഷത്തിൽ കാർഷിക വിളകൾക്ക് വൻ നാശനഷ്ടമുണ്ടായി. പ്രയാഗ്രാജ്, ഭദോഹി, മിർസാപൂർ, ഫത്തേപൂർ, വാരണാസി എന്നീ ജില്ലകളിലാണ് മഴക്കെടുതി രൂക്ഷം. ദുരന്തബാധിത പ്രദേശങ്ങളിൽ അടിയന്തരമായി സർവേ നടത്താൻ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ജില്ലാ മജിസ്ട്രേറ്റുമാർക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി.

*****************

## SSLC RESULT (INTRO)

കേരളത്തിൽ എസ്എസ്എൽസി പരീക്ഷാ ഫലം ഇന്ന് വൈകിട്ട് പ്രഖ്യാപിക്കും. ഫലം പരിശോധിക്കാൻ നമ്മുടെ കേരളം ആപ്പും സജ്ജമാക്കി.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

**(വോയ്സ്)**

*****************

## IPL

ഐപിഎൽ ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സിനെതിരെ മുംബൈ ഇന്ത്യൻസിന് 6 വിക്കറ്റ് ജയം. പഞ്ചാബ് ഉയർത്തിയ 201 റൺ വിജയലക്ഷ്യം മുംബൈ, 4 വിക്കറ്റ് നഷ്ടത്തിൽ ഒരു പന്ത് ബാക്കിനിൽക്കെ മറികടന്നു. ഇന്ന് നടക്കുന്ന മത്സരത്തിൽ ലഖ്നൗ സൂപ്പർജയന്റ്സ്, ചെന്നൈ സൂപ്പർകിംഗ്സിനെ നേരിടും. രാത്രി 7.30ന് ലഖ്നൗവിലാണ് മത്സരം.

*****************

## WUSHU - GOLD MEDAL

മക്കാവുവിൽ നടക്കുന്ന 11-ാമത് സാൻഡ വേൾഡ് കപ്പിൽ ഇന്നലെ വനിതാ 52 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യൻ വുഷു താരം അപർണ ദഹിയയ്ക്ക് സ്വർണം . ഫൈനലിൽ നിലവിലെ ലോക ചാമ്പ്യൻ വിയറ്റ്നാമിന്റെ തി ഫുവോങ് നെ നേരിട്ടുള്ള സെറ്റുകൾക്കാണ് അപർണ പരാജയപ്പെടുത്തിയത്.

## Rev. EC-SIR III

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൻറെ മൂന്നാം ഘട്ടം പതിനാറ് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പാക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. ആന്ധ്രാപ്രദേശ്, അരുണാചൽ പ്രദേശ്, ഹരിയാന, ജാർഖണ്ഡ്, കർണാടക, മഹാരാഷ്ട്ര, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗാലാൻഡ്, ഒഡീഷ, പഞ്ചാബ്, സിക്കിം, ത്രിപുര, തെലങ്കാന, ഉത്തരാഖണ്ഡ് എന്നിവയാണ് ഈ ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങൾ. ഡൽഹി, ചണ്ഡീഗഡ്, ദാദ്ര നഗർ ഹവേലി,

ദാമൻ ദിയു എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിലും എസ്.ഐ.ആർ നടപ്പാക്കും.

*****************

*****************

**********